"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - ജീവനക്കാര്യം- പത്തിരിപ്പാല ഗവ.ആർട്സ് & സയൻസ് കോളേജിലെ ബിസിനസ്സ് അഡ്മിനിസ്ട്രേഷൻ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ശ്രീമതി.അർച്ചന.എസ് -അനധികൃത ഹാജരില്ലായ്മ ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.704/2024/HEDN തീയതി,തിരുവനന്തപുരം, 20-06-2024

---

പരാമർശം:- 1. സ.ഉ.(സാധാ) നം.1650/2023/HEDN തീയതി, 07-11-2023

2. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 25.03.2024 - ലെ ബി4/39767/2023/കോ.വി.വ നമ്പർ കത്ത്

**ഉത്തരവ്**

പത്തിരിപ്പാല ഗവ.ആർട്സ് & സയൻസ് കോളേജിലെ ബിസിനസ്സ് അഡ്മിനിസ്ട്രേഷൻ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ശ്രീമതി.അർച്ചന.എസ്., പരാമർശം (1) പ്രകാരമുള്ള അവധി അനുവദിച്ച് ഉത്തരവാകുന്നതിന് അവധിയിൽ പ്രവേശിച്ച 20.09.2023 മുതൽ 01.10.2023 വരെയുള്ള കാലയളവ് KSR Part I Appendix XII B പ്രകാരം ശൂന്യവേതനാവധി അനുവദിക്കുന്നതിനായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒരു കോഴ്സിന്റെ പൂർണ്ണ കാലാവധിയിലേക്ക് മാത്രമേ KSR Part I അനുബന്ധം XII-B പ്രകാരമുള്ള അവധി അനുവദിക്കുവാനാകൂ എന്ന് ടി ചട്ടത്തിൽ തന്നെ നിഷ്കർഷിച്ചിട്ടുള്ളതിനാൽ പത്തിരിപ്പാല ഗവ.ആർട്സ് & സയൻസ് കോളേജിലെ ബിസിനസ്സ് അഡ്മിനിസ്ട്രേഷൻ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ശ്രീമതി.അർച്ചന.എസ് -ന്റെ, 20.09.2023 മുതൽ 01.10.2023 വരെയുള്ള അനധികൃത ഹാജരില്ലായ്മ കാലയളവ്, മുൻകാല സേവനം നഷ്ടമാകും വിധം നോൺ ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിജിമോൾ കെ ചാക്കോ**

**അണ്ടർ സെക്രട്ടറി**

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ബന്ധപ്പെട്ട വ്യക്തിയ്ക്ക് (കോളേജ് വിദ്യാഭ്യാസ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

ധനകാര്യ (വിദ്യാഭ്യാസം സി) വകുപ്പ് (2765529 EDN-C4/153/2024-FIN തീയതി 12.06.2024 നമ്പർ കുറിപ്പ് പ്രകാരം)

നോഡൽ ഓഫീസർ (www.highereducation.kerala.gov.in)

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ

കരുതൽ ഫയൽ / ഓഫീസ് കോപ്പി (F2/75/2024-HEDN)

ഉത്തരവിൻ പ്രകാരം

Signed by

സെക്ഷൻ ഓഫീസർ

Asoka Kumari. L

Date: 21-06-2024 10:31:31